## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4502 — 27.06.2013-ലെ മറുപടിക്ക്

### മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണൂർക്കടവ് പാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.പി. ജയരാജൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണൂർക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ്; | (എ) | പ്രസ്തുത പാലം നിർമ്മിക്കുന്നതിന് 14.07.2009-ലാണ് ഭരണാനുമതി ലഭിച്ചത്. |
| (ബി) | നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; എന്നാണ് പ്രവൃത്തി ടെണ്ടർ ചെയ്തത്; | (ബി) | എസ്റ്റിമേറ്റ് തുക 910 ലക്ഷം രൂപയാണ്. 17.11.2009-ലാണ് ടെണ്ടർ ചെയ്തത്. |
| (സി) | കരാറുകാരനുമായി എഗ്രിമെന്റ് വെച്ചത് എന്നാണ്; എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണ്; | (സി) | കരാറുകാരനുമായി എഗ്രിമെന്റ് വച്ചത് 27.10.2010-നാണ്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 31.10.12-നാണ്. |
| (ഡി) | മണ്ണൂർക്കടവ് പാലം നിർമ്മാണപ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ഡി) | ഏഴിൽ അഞ്ച് (5/7) സ്പാൻ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണം പുരോഗതിയിലാണ്. |
| (ഇ) | നിർമ്മാണപ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഇ) | 2013 ഡിസംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ